**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 685** | **11-06-2024 - ൽ മറുപടിയ്ക്ക്**

**വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ കരിമ്പ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള എടക്കുറിശ്ശി, കപ്പടം, നെല്ലിക്കുന്ന്, വെട്ടം പ്രദേശങ്ങളിൽ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | ഉണ്ട്.<br><br>കോങ്ങാട് നിയോജക മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ കീഴിൽ 110 കെ.വി പറളി സബ്സ്റ്റേഷനിലെ 10 എം.വി.എ ട്രാൻസ്ഫോർമർ മാറ്റി 12.5 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ സ്ഥാപിത ശേഷി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.<br><br>കോങ്ങാട് നിയോജകമണ്ഡലത്തിലെ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ ദ്യുതി -2, 2024-25 രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പ്രവൃത്തികളുടെ വിവരം | 2024-25 | |
|---|---|---|---|
| | | തുക (രൂപ) | Qty |
| 1 | പുതിയ 100 kVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 3,25,013.00 | 1 എണ്ണം |
| 2 | സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്നത് | 43,07,028.00 | 10.20 കിലോ മീറ്റർ |

സെക്ഷൻ ഓഫീസർ